ഹെൽത്ത് അതോറിറ്റി, ഖത്തർ മിനിസ്ട്രി ഓഫ് ഹെൽത്ത് തുടങ്ങിയവയുടെ യോഗ്യതാ പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനവും പാഠ്യപദ്ധതിയുടെ ഭാഗമാണ്. തെരഞ്ഞെടുക്കുന്ന പ്രത്യേക വിഭാഗങ്ങൾക്ക് പുറമെ ഇംഗ്ലീഷ്, അറബിക് തുടങ്ങിയ ഭാഷകളിൽ പ്രാവിണ്യം കൈവരിക്കാനും പരിശീലന പരിപാടികളിലൂടെ അവസരമൊരുക്കും.

(ബി) 2013-14 പ്ലാൻ ഫണ്ട് പ്രകാരം നഴ്സിംഗ് നൈപുണ്യകേന്ദ്രം ആരംഭിക്കുന്നതിനായി 4.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മേഖലയിൽ കരിയർ എൻഹാൻസ്മെന്റ് (നൈസ്)നുവേണ്ടി ഒരു വർഷം വാടകയിനത്തിലും മറ്റു ചിലവുകൾക്കുമായി 25 ലക്ഷം രൂപ ചെലവാകും. വിദ്യാർത്ഥികൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിലേയ്ക്കായി ആകെ 75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത്തരത്തിലുള്ള നഴ്സിംഗ് നൈപുണ്യകേന്ദ്രങ്ങൾ കൊച്ചിയിലും കോഴിക്കോട്ടും ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 300 കുട്ടികൾക്ക് പ്രവേശനം നൽകാനുള്ള സൗകര്യങ്ങൾ ഉണ്ട്. കോഴ്സിന്റെ കാലാവധി 4 മാസമാണ്.

(ഡി) ഈ കോഴ്സിലേയ്ക്ക് ഇപ്പോൾ 100 നഴ്സുമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. പേര് വിവരങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഉണ്ട്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഗൾഫ് രാജ്യങ്ങളിൽ ഉൾപ്പെടെ ലോകത്താകമാനമുള്ള പ്രമുഖ ആശുപത്രികളിൽ നൈസ് കുറഞ്ഞത് 60 ശതമാനം പേർക്ക് ജോലി ഉറപ്പ് നൽകുന്നുണ്ട്.

കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി

221 (3657) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് 27-5-2014-ലെ സ.ഉ. (കൈ.).56/2014/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രസ്തുത ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനായി അനുയോജ്യമായ കെട്ടിടം കണ്ടെത്തി നൽകണമെന്ന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് മെഡിക്കൽ കമ്മിഷണറോട് ആവശ്യപ്പെട്ടതനുസരിച്ച് റന്റ് കമ്മിറ്റി അനുയോജ്യമായ രണ്ട് കെട്ടിടങ്ങൾ കണ്ടെത്തിയെങ്കിലും ഡിസ്പെൻസറി പ്രവർത്തിക്കുന്നതിനാവശ്യമായ മാറ്റം വരുത്തേണ്ടിയിരുന്നു. അതിൻപ്രകാരം മാറ്റം വരുത്തിയതിനു ശേഷം വാടക സംബന്ധിച്ച തീരുമാനങ്ങൾക്കായി പ്രൊപ്പോസൽ സ്റ്റേറ്റ് മെഡിക്കൽ കമ്മിഷണർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) കർപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

ഒ.ഇ.സി. ആനുകൂല്യങ്ങൾ ഒ.ബി.സി. വിഭാഗത്തിനും നൽകുവാൻ നടപടി

222 (T 3658) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ സർക്കാർ വിജ്ഞാപനം വഴി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് ഒ.ബി.സി. വിഭാഗത്തിലെ ഏതു ജാതി വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത ജാതി വിഭാഗത്തിന് വിജ്ഞാപനം വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; അവ എന്നു മുതൽ വിതരണം ചെയ്യാനാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത് ;

(സി) കഴിഞ്ഞ വർഷം ഏതെങ്കിലും പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയിട്ടുണ്ടോ ; എങ്കിൽ ഈയിനത്തിൽ ചെലവഴിച്ച തുക എത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY, ARCHIVES Kerala Legislative Assembly